LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : പ്രതിരോധമന്ത്രിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തെപ്പറ്റി വിശദമായി ഞാൻ ചർച്ചചെയ്തു. രണ്ടുമൂന്നുപ്രാവശ്യം ഇതേക്കുറിച്ച് സംസാരിച്ചു. ഈ അടുത്തകാലത്ത് പോയസമയത്ത് ബന്ധപ്പെട്ടപ്പോൾ അദ്ദേഹം ഇക്കാര്യം ഏറ്റിട്ടുണ്ട്. അതിന് ബോർഡർറോഡ്സ് നിർമ്മാണത്തിന് അനുവാദം നൽകുന്നതാണെന്ന് പറഞ്ഞു. അതുസംബന്ധിച്ച് രാജ്യസഭയിൽ ചോദിച്ച ചോദ്യത്തിന് ബോർഡർ റൂൾസ് അംഗീകരിച്ചശേഷം കയർ കോർപ്പറേഷൻപോലുള്ള സ്ഥാപനങ്ങൾക്ക് നിരവധി എൻകയറികൾ ബോർഡർ റോഡ്സിനുവേണ്ടി വാങ്ങിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായിട്ടും അതൊരു വലിയ അളവുവരെ സഹായിക്കും. നാലായിരം കോടി രൂപയാണ് ഒരാണ്ടിൽ കേന്ദ്രഗവൺമെന്റ് ഈ ഏർപ്പാടിനായി ചെലവാക്കുന്നത്. അതുകൊണ്ട് പത്തുനാനൂറ് കോടി രൂപയുടെ കയർ ഇവിടെനിന്നും വിറ്റുപോകാനുള്ള സാദ്ധ്യതയുണ്ട്. അവർക്ക് ഇത് നാലായിരം കോടി എന്നത് രണ്ടായിരം കോടിയായി പുരുക്കാൻ കഴിയും. ഈ കയർ ജിയോ ടെക്സ്റ്റയിൽസിൽ നിന്ന് വാങ്ങി ഉപയോഗിച്ച് റോഡ് നിർമ്മിച്ചാൽ തീർച്ചയായിട്ടും ഒരു നാലുകൊല്ലം വരെ ആ റോഡ് കുഴപ്പമില്ലാതെ കിടക്കും. ഇക്കാര്യങ്ങളിലൊക്കെ ബോർഡർ റോഡുകൾ ഇടുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി അതിന്റെ എല്ലാവിശദാംശങ്ങളും കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ പഞ്ചായത്തുകൾക്ക് ഇതുസംബന്ധിച്ച് വിശദമായ വിവരത്തിന് കത്തെഴുതിയിട്ടുണ്ട്. പല പഞ്ചായത്തുകളും ജിയോടെക്സ് ഇടുന്നതിന് ആവശ്യമായ നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, നമ്മൾ വ്യവസായ വികസനത്തെ സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുന്ന അവസരത്തിൽ, അക്കാര്യം പരിഗണിക്കുമ്പോൾ അതിന്റെ ക്ലിയറൻസിനും മറ്റുമായി കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുമ്പോൾ അത് കിട്ടുന്നതിന് ഡിലേ വരുന്നതുകൊണ്ട് നമ്മുടെ വ്യവസായങ്ങളാകെ ബുദ്ധിമുട്ടിലേയ്ക്ക് നീങ്ങുകയാണ്. അത്തരമൊരു സാഹചര്യം നമുക്കുണ്ട്. നമ്മൾതന്നെ ആവിഷ്കരിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങളുടെ പ്രവർത്തി കൈവരിക്കാൻ താമസം നേരിടുന്നുണ്ട്. ഇപ്പോൾ പുതിയ സെന്ററുകൾ ഓരോ മണ്ഡലത്തിലും തുടങ്ങുന്നതിന് നമ്മൾ സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ അവിടെ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് അവ തുടങ്ങുന്ന കാര്യത്തിൽ മൂന്നുവർഷം രണ്ടുവർഷം വരെ നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ട് വ്യവസായ വികസനത്തിന് ത്വരിതികരമായ ഒരു സംരംഭമെന്ന നിലയിൽ ഒരു പ്രത്യേക ഇൻഡസ്ട്രിയൽ കൺസൾട്ടൻസി ഏർപ്പെടുത്തി ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒരു സർവ്വേ നടത്തി ആ നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ട കാര്യങ്ങൾ പ്രത്യേകം പരിഗണിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : വിവിധ മേഖലകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൺസൾട്ടൻസി സർവ്വീസസ് നമ്മൾ ഇപ്പോൾ രൂപപ്പെടുത്തുന്നുണ്ട്. കൂടുതലായിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് വേണ്ടത് ചെയ്യാം.

മി. സ്പീക്കർ : യെസ്, ചോദ്യം 119 ഉം ചോദ്യം 138 ഉം ക്ലബ് ചെയ്യാം. മറുപടി, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി.

3 (*119) പരിധിത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ നടപടി

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. തേനാനൂർ രവി :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാവസായിക പുരോഗതി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് എത്ര പീഡിത വ്യവസായങ്ങൾ ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്; വ്യവസായങ്ങൾ പീഡിത വ്യവസായമായി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) കാലാകാലങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്. 1989-99 വർഷത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചതിൽ 1997-98-നെ അപേക്ഷിച്ച് രജിസ്ട്രേഷനിൽ 0.97% വളർച്ചാനിരക്കും മുതൽ മുടക്കിൽ 29.52% കുറവും തൊഴിലവസരങ്ങൾ സൃഷ്ടിച്ചതിൽ 1.95% വർദ്ധനവും ഉണ്ടായിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 1264 കോടി രൂപ മുതൽമുടക്കുള്ളതും 11359 പേർക്ക് ജോലി ലഭിക്കുന്നതുമായ 145 പദ്ധതികൾ പൂർത്തിയാക്കി. 1213 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നതും 9325 പേർക്ക് തൊഴിൽ നൽകുന്നതുമായ 82 പദ്ധതികൾ നിർമ്മാണഘട്ടത്തിലാണ്. ഏകദേശം 393 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 60 പദ്ധതികൾക്ക് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഐ.ടി., ബയോടെക്നോളജി തുടങ്ങിയ ഹൈടെക് വ്യവസായങ്ങൾക്ക് 20 കോടി രൂപയുടെ വെൻചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

കിൻഫ്രയുടെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ ഏകദേശം 75 കോടി രൂപയുടെയും ടെക്നോപാർക്കിൽ 62.40 കോടി രൂപയുടെയും നിക്ഷേപം ഉണ്ടായിട്ടുണ്ട്.

(ബി) പീഡിത വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ള പൊതുമേഖലാ വ്യവസായങ്ങളുടെ പട്ടിക അനുബന്ധം ഒന്നിലും മറ്റുള്ളവയുടെ പട്ടിക അനുബന്ധം രണ്ടിലും നൽകിയിരിക്കുന്നു.† ചെറുകിട വ്യവസായമേഖലയിൽ 30-11-98 വരെ 3712 വ്യവസായ സ്ഥാപനങ്ങളെ പീഡിതമായി കണ്ടെത്തുകയും അതിൽ 1774 എണ്ണം രജിസ്റ്റർ ചെയ്യുകയും 957 എണ്ണം പുനരുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു സ്ഥാപനം സിക്ക് യൂണിറ്റായി അംഗീകരിക്കുവാൻ താഴെ പറയുന്ന നിബന്ധനകൾ ബാധകമാണ്.

(1) തുടർച്ചയായി നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുക, ഏതെങ്കിലും വായ്പയുടെ മുതലോ പലിശയോ തിരിച്ചടയ്ക്കുന്നതിന് തുടർച്ചയായി 3 തവണയ്ക്ക് മുടക്കം വരുത്തുക.

(2) മൊത്തം മുഖവിലയുടെ 50 ശതമാനത്തിലധികം നഷ്ടപ്പെടുക.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട മേഖലയിലെ പീഡിത വ്യവസായങ്ങളെ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുകൂടി പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൻകീഴിൽ സിക്ക് യൂണിറ്റായി രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകൾക്ക് പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപവരെ മാർജിൻ മണി ,വായ്പ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സബ്സിഡി, സെയിൽസ്ടാക്സ് കുടിശ്ശികയ്ക്ക് മൊറൊട്ടോറിയം, പുനരുദ്ധരിച്ചതിനുശേഷം സെയിൽസ്ടാക്സ് ഇളവ്, പുനരുദ്ധരിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപമുണ്ടെങ്കിൽ 15 ശതമാനം സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കൽ, ഗവൺമെന്റിലേയ്ക്കും മറ്റു ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കും അടയ്ക്കാനുള്ള കുടിശ്ശികയ്ക്ക് സാവകാശം അടയ്ക്കാനുള്ള സൗകര്യവും പുനഃക്രമീകരണവും, വിച്ഛേദിക്കപ്പെട്ട വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചുകൊടുക്കൽ മുതലായ സഹായങ്ങൾ ചെയ്തുവരുന്നു. സിക്ക് യൂണിറ്റിന്റെ പുനരുദ്ധാരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും കിറ്റ്കോയിലെ പ്രോഗ്രാം ഓഫീസേഴ്സിനെ നിയമിച്ചു പ്രവർത്തിച്ചുവരുന്നു. ഇടത്തരം-വൻകിട വ്യവസായങ്ങൾക്ക് ബി.ഐ.എഫ്.ആർ. പാക്കേജ് പ്രകാരം പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നു.

3a (*138) ചെറുകിട മേഖലയിലെ പീഡിത വ്യവസായങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട മേഖലയിൽ എത്ര പീഡിത വ്യവസായങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇത്തരം വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പുനരുദ്ധരിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോയെന്നും ഇത്തരം വ്യവസായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) 4228 എണ്ണം

(ബി) ഉണ്ട്

(സി) പീഡിത വ്യവസായ യൂണിറ്റുകളെ കണ്ടെത്തുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ കിറ്റ്കോയുടെ ആഭിമുഖ്യത്തിൽ പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

പീഡിതവ്യവസായമായി രജിസ്റ്റർ ചെയ്യപ്പെടുന്ന യൂണിറ്റുകൾക്ക് മാർജിൻ മണി ലോൺ.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം എനിക്കറിയാം. റീഹാബിലിറ്റേഷൻ നടപടി തുടർന്നുവരുന്നു. മറ്റു ജില്ലകളിലെ സ്ഥിതി എനിക്കറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുരളി അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. മുരളി : നിർദ്ദിഷ്ട നിയമത്തിൽ ഹോട്ടൽ തൊഴിലാളികളെകൂടി ഉൾപ്പെടുത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞാൻ ബിൽ പിൻവലിക്കുന്നു. പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 1996-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 20-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.)

അനുബന്ധം I

17.12.1999 ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 (* 119) ദയവായി കാണുക.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള യൂണിറ്റുകളിൽ പീഡിത വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ളവ

1. ഓട്ടോകാസ്റ്റ് ലിമിറ്റഡ്
2. ടെൽക്ക്
3. കെൽട്രോൺ പവ്വർ ഡിവൈസസ്
4. കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്
5. കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ്
6. കെൽട്രോൺ റെക്ടിഫയേഴ്സ്
7. കെൽട്രോൺ കൗണ്ടേഴ്സ്
8. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്
9. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
10. കെൽട്രോൺ ഇലക്ട്രോ സെറാമിക്സ്
11. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
12. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്
13. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് (കേന്ദ്ര പൊതുമേഖല)

LIBRARY ARCHIVES Kerala Legislative Assembly